**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933** **24-02-2022 - ൽ മറുപടിയ്ക്ക്**

**തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. നിലവിൽ പ്രവൃത്തി 86% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ നീക്കി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വകരിക്കുമോ? | (ബി) | ഉണ്ട്. പദ്ധതിയുടെ ഡെലിവറി പൈപ്പ് ലൈൻ ഇനി സ്ഥാപിക്കാനുള്ളത് പാടഭാഗത്തുകൂടിയും തോട്ടിലൂടെയുമാണ്. വർഷം മുഴുവനായും വെള്ളക്കെട്ട് നേരിടുന്ന പ്രദേശങ്ങളാണിത്. എങ്കിലും പരമാവധി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. വെള്ളക്കെട്ടില്ലാത്ത ഭാഗത്ത് പൈപ്പ് സ്ഥാപിക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥർ തടസ്സപ്പെടുത്തിയിരിക്കുകയാണ്. ബഹു. പുതുക്കാട് നിയോജകമണ്ഡലം എം.എൽ.എ-യും, വരന്തരപ്പിള്ളി പഞ്ചായത്ത് ഭരണ സമിതിയും, പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളും നിരന്തരം ഇവരുമായി ചർച്ചകൾ നടത്തിയിട്ടും നാളിതുവരെയായിട്ടും പൈപ്പ് സ്ഥാപിക്കാൻ അവർ സമ്മതം നൽകിയിട്ടില്ല. മേൽപ്പറഞ്ഞ തടസ്സങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ